നം. Spl Cell/1/2019

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
E Mail : swdkerala@gmail.com
Phone : 0471 2306040
തീയതി : 11/11/2019

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സ്പെഷ്യൽ സെൽ - സാമൂഹ്യനീതി / വനിത ശിശു വികസന വകുപ്പ് - പുനർ വിന്യാസം - പൊതു തസ്തികകളിലുള്ള ജീവനക്കാരിൽ നിന്നും ഇരു വകുപ്പുകളിലേയ്ക്കും ഓപ്ഷൻ ക്ഷണിക്കുന്നു.

സൂചന:- 1. സ.ഉ (കൈ) നം.24/2017/സാനീവ തീയതി 30/6/2017.
2. സ.ഉ (കൈ) നം.26/2018/സാനീവ തീയതി 21/01/2018.
3. സ.ഉ (കൈ) നം.23/2018/സാനീവ തീയതി 07/10/2018.
4. സ.ഉ (അച്ചടി) നം.10/2019 /സാനീവ തീയതി 21/10/2019.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചും വനിത ശിശു വികസന വകുപ്പിൽ തസ്തികകൾ സൃഷ്ടിച്ചും സൂചന (1) പ്രകാരം ഉത്തരവായിരുന്നു. സാമൂഹ്യനീതി/ വനിതാ ശിശു വികസന വകുപ്പുകൾ കൈകാര്യം ചെയ്യുന്ന വിഷയം/ആസ്തി എന്നിവയുടെ വിഭജനം ഉൾപ്പെടെയുള്ള നടപടികൾ സൂചന (2) പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിൽ നിലവിലുണ്ടായിരുന്ന തസ്തികകളും വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചതിന്റെ ഭാഗമായി സൃഷ്ടിച്ച തസ്തികകളും ചേർത്ത് ഇരുവകുപ്പുകളുടേയും കേഡർ സ്ട്രെങ്ത് നിശ്ചയിച്ച് സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പിൽ നിലനിന്നിരുന്ന 3795 തസ്തികകളിൽ 535 തസ്തികകൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും 3260 തസ്തികകളും സൂചന (1) പ്രകാരം സൃഷ്ടിച്ച 24 തസ്തികകളും ഉൾപ്പെടെ 3284 തസ്തികകൾ വനിത ശിശു വികസന വകുപ്പിലേയ്ക്കും അനുവദിച്ച് ഇരു വകുപ്പുകളിലെയും കേഡർ സ്ട്രെങ്ത് നിർണ്ണയിച്ചിരുന്നു. ജീവനക്കാരുടെ പുനർ വിന്യാസത്തിനായി തസ്തികകൾ ഇരു വകുപ്പിലുമായി ക്രമീകരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുവാൻ കാലതാമസം നേരിടുമെന്നതിനാലും ഒപ്പം ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിനുമായി ഇരു വകുപ്പുകളിലെയും വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ രണ്ടുവകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് സൂചന (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇപ്രകാരം പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഇരുവകുപ്പുകളിലേയും ഓപ്ഷൻ നൽകേണ്ട പൊതു വിഭാഗം തസ്തികയിലെ ( സൂചന (4) ഉത്തരവിലെ അനുബന്ധം V ) ജീവനക്കാരിൽ നിന്നും ഓപ്ഷൻ സ്വീകരിക്കുവാനും ആയത് പരിശോധിച്ച് തീരുമാനമെടുക്കുവാനും സാമൂഹ്യനീതി ഡയറക്ടർ കൺവീനറായി ഒരു സ്പെഷ്യൽ സെൽ സൂചന (4) പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

PDF processed with CutePDF evaluation edition www.CutePDF.com

ഈ സാഹചര്യത്തിൽ ഇരു വകുപ്പുകളിലേയും ചുവടെ പറയുന്ന പൊതുതസ്തികയിലെ ജീവനക്കാരിൽ നിന്നും സൂചന (4) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ അനുബന്ധം 2 ആയി ചേർത്തിട്ടുള്ള നിശ്ചിത മാതൃകയിൽ ഓപ്ഷനുകൾ ക്ഷണിക്കുന്നു.

**(എ) ഉയർന്ന തസ്തികയിലെ ജീവനക്കാർ**

1. അഡീഷണൽ ഡയറക്ടർ
2. ജോയിന്റ് ഡയറക്ടർ
3. അസിസ്റ്റന്റ് ഡയറക്ടർ

**(ബി) മിനിസ്റ്റീരിയൽ/മറ്റ് തസ്തികയിലെ ജീവനക്കാർ**

1. സീനിയർ സൂപ്രണ്ട്
2. ജൂനിയർ സൂപ്രണ്ട്
3. ഹെഡ് അക്കൗണ്ടന്റ് / ഹെഡ് ക്ലർക്ക്
4. സീനിയർ ക്ലർക്ക്
5. ക്ലർക്ക്
6. ക്ലർക്ക് ടൈപ്പിസ്റ്റ്
7. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
8. ടൈപ്പിസ്റ്റ്
9. ഡ്രൈവർ
10. ഓഫീസ് അറ്റൻഡന്റ്
11. ക്ലറിക്കൽ അറ്റന്റർ
12. വാച്ച് മാൻ
13. വാച്ച് വുമൺ
14. പാർട്ട് ടൈം സ്വീപ്പർ

**(സി) പ്രത്യേക ജീവനക്കാർ**

1. സൂപ്രണ്ട് ഗ്രേഡ് I/ ക്ഷേമ സ്ഥാപന സൂപ്രണ്ട് I
2. സൂപ്രണ്ട് ഗ്രേഡ് II/ ക്ഷേമ സ്ഥാപന സൂപ്രണ്ട് II
3. സൂപ്രണ്ട് ഗ്രേഡ് III/ ക്ഷേമ സ്ഥാപന സൂപ്രണ്ട് III
4. മേട്രൺ ഗ്രേഡ് I
5. ആയ
6. കുക്ക്

ഓപ്ഷൻ സമർപ്പിക്കുന്ന ഇരുവകുപ്പിലേയും മേൽ പറഞ്ഞ തസ്തികയിലെ ജീവനക്കാർ സൂചന (4) ഉത്തരവിലെ അനുബന്ധം I പ്രകാരമുള്ള വ്യവസ്ഥകൾക്കും, നിർദ്ദേശങ്ങൾക്കും വിധേയമായി അവരുടെ ഓപ്ഷൻ ഫോമുകൾ കാര്യാലയ മേധാവിയെകൊണ്ട് സാക്ഷ്യപ്പെടുത്തി **10/12/2019 തീയതി വൈകിട്ട് 5 മണിയ്ക്ക് മുൻപായി** സ്പെഷ്യൽ സെൽ കൺവീനർക്ക് സമർപ്പിക്കേണ്ടതാണ്.

**ഓപ്ഷനുകൾ സമർപ്പിക്കുമ്പോഴും സാക്ഷ്യപ്പെടുത്തി അയക്കുമ്പോഴും ജീവനക്കാരും കാര്യാലയ മേധാവിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.**

1. ഓപ്ഷൻ ഫോമുകൾ ഒട്ടിച്ച കവറിൽ അയക്കേണ്ടതും കവറിന് മുകളിലായി "Confidential - Option" എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.
2. 10/12/2019 നകം ഓപ്ഷൻ ലഭ്യമാക്കാത്ത ജീവനക്കാർ ഓപ്ഷൻ സമർപ്പിക്കുന്നില്ല എന്നു കണക്കാക്കി, ഓപ്ഷൻ നൽകിയ ജീവനക്കാരെ ഇരു വകുപ്പുകളിലുമായി വിന്യസിച്ച ശേഷം, ഒഴിവ് അവശേഷിക്കുന്ന വകുപ്പിൽ നിയമിക്കുന്നതാണ്.
3. ഒരു ജീവനക്കാരൻ ഒരു ഓപ്ഷൻ ഫോം മാത്രമേ സമർപ്പിക്കേണ്ടതുള്ളൂ.
4. ജീവനക്കാരുടെ ഓപ്ഷൻ ഫോമിലെ രേഖപ്പെടുത്തലുകൾ അവരുടെ സർവ്വീസ് സംബന്ധമായ രേഖകൾ കൂടി പരിശോധിച്ച് കാര്യാലയ മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
5. ജില്ലാ തല നിയമനം ബാധകമായ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കാര്യത്തിൽ ജില്ലാതല സീനിയോറിറ്റി ആയിരിക്കും പരിഗണിക്കുക.
6. വകുപ്പിൽ നിയമിതരായ ഓഫീസ് അറ്റൻഡന്റ്,വാച്ച് മാൻ, വാച്ച് വുമൺ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സീനിയോറിട്ടി അവർ വകുപ്പിൽ നിയമനം നേടിയ അഡ്വൈസ് തീയതി/ഉത്തരവ് തീയതി/ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിലായിരിക്കും നിർണ്ണയിക്കുന്നത്.

ഓപ്ഷനുകൾ സമർപ്പിക്കേണ്ട മേൽവിലാസം ചുവടെ ചേർക്കുന്നു.

കൺവീനർ, സ്പെഷ്യൽ സെൽ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്, അഞ്ചാം നില
വികാസ് ഭവൻ, തിരുവനന്തപുരം.
പിൻ 695 033

സാമൂഹ്യനീതി ഡയറക്ടർ

ഇരു വകുപ്പുകളിലേയും എല്ലാ ജീവനക്കാർക്കും

പകർപ്പ്

1. സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
3. ഇരു വകുപ്പിലെയും എല്ലാ കാര്യാലയമേധാവികൾക്കും
4. സാമൂഹ്യനീതി ഡയറക്ടറുടെ സിഎ യ്ക്ക്
5. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (ഇരു വകുപ്പുകളുടെയും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

അനുബന്ധം 2

## ഓപ്ഷൻ ഫോം

1. പേര് -

2. തസ്തിക,മാതൃവകുപ്പ് -

3. ഔദ്യോഗിക മേൽവിലാസം

4. ജനന തീയതി

5. യോഗ്യത -

    (1) ജനറൽ

    (2) ടെക്നിക്കൽ -

    (3) വകുപ്പുതല പരീക്ഷാ യോഗ്യതാ -

6. സർക്കാർ സർവീസിൽ പ്രവേശിച്ച തീയതി -

7. നിയമന രീതി
(പി എസ് സി / സമാശ്വാസ നിയമനം/
പാർട്ട് ടൈം / താൽക്കാലികം )

8. ജില്ലാ തല നിയമനം /സംസ്ഥാന തല നിയമനം -
(ജില്ലാതലമെങ്കിൽ നിയമനം ലഭിച്ച ജില്ല)

9. ശമ്പള സ്കെയിൽ, അടിസ്ഥാന ശമ്പളം

10. നിലവിലെ തസ്തികയിലെ നിയമനം ലഭിച്ചതിന്റെ
ഉത്തരവ് നം തീയതി

11. നിലവിലെ തസ്തികയിൽ പ്രവേശിച്ച തീയതി

(പി.എസ്.സി നിയമനമെങ്കിൽ അഡ്വൈസ് തീയതി)

12. നിലവിലെ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ്

റാങ്ക് നം

13. തുടരുവാൻ ആഗ്രഹിക്കുന്ന വകുപ്പ്

14. നിയമനം ലഭിക്കുവാൻ ആഗ്രഹിക്കുന്ന ഓഫീസ്/ ജില്ല

(1)
(2)
(3)

മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ എന്റെ അറിവിൽപെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം: ഒപ്പ്:

തീയതി: പേര്/ തസ്തിക

# സത്യപ്രസ്താവന

........................................................ എന്ന ഞാൻ..........................................................

എന്ന വകുപ്പിലേയ്ക്ക് നിയമനം ലഭിക്കുന്നതിനുള്ള സമ്മതം അറിയിക്കുന്നു. ഓപ്ഷൻ സ്വീകരിക്കുന്ന പക്ഷം മറ്റ് വകുപ്പിലേയ്ക്ക് നിയമനം/സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി ഭാവിയിൽ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ല എന്നും നിലവിലെ തസ്തികയിൽ ആർജ്ജിച്ച ലാവണം (ലീൻ) 1958 ലെ KS & SSR ചട്ടങ്ങൾ പ്രകാരം റദ്ദാക്കപ്പെടുന്നതിന് സമ്മതമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്:

സ്ഥലം:

പേര്/ തസ്തിക

തീയതി:

മേൽ പ്രസ്താവിച്ച വിവരങ്ങൾ ആഫീസ് രേഖകളുമായി ഒത്തു നോക്കി ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ആഫീസ് മേധാവിയുടെ ഒപ്പ്:

സ്ഥലം:

ആഫീസ് മേധാവിയുടെ പേര്

തീയതി:

ആഫീസ് സീൽ

# തീരുമാനം

ഒപ്പ്:

സ്ഥലം:

പേര്/ തസ്തിക

തീയതി:

ആഫീസ് സീൽ

കേരള സർക്കാർ

## സാമൂഹ്യനീതി വകുപ്പ്

# സാമൂഹ്യനീതി/വനിതാ ശിശു വികസന വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവ്

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്, 2019.

# സാമൂഹ്യനീതി/വനിതാ ശിശു വികസന വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവ്

3/3341/2019/S-19.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1 | ഉത്തരവ് | .. | 2 |
| 2 | അനുബന്ധം-I | .. | 12 |
| | അനുബന്ധം-II (ഓപ്ഷൻ ഫാം) | .. | 13 |
| | അനുബന്ധം-III | .. | 15 |
| | അനുബന്ധം-IV | .. | 17 |
| | അനുബന്ധം-V | .. | 20 |
| | അനുബന്ധം-VI | .. | 22 |

"ഭരണഭാഷ – മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

**സാമൂഹ്യനീതി വകുപ്പ്—ജീവനക്കാര്യം—സാമൂഹ്യനീതി/വനിതാ ശിശു വികസന വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ ഇരു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം, നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു**

---

**സാമൂഹ്യനീതി (എ) വകുപ്പ്**

**സ. ഉ. (അച്ചടി) നമ്പർ 10/2019/സാനീവ.** **തിരുവനന്തപുരം, 2019 ഒക്ടോബർ 21.**

---

*പരാമർശം* :
1. 3-3-2010-ലെ സ.ഉ. (അച്ചടി) 23/2010/സാക്ഷേവ. നമ്പർ ഉത്തരവ്.
2. 10-8-2010-ലെ സ.ഉ. (അച്ചടി) 54/2010/സാക്ഷേവ. നമ്പർ ഉത്തരവ്.
3. 27-12-2012-ലെ സ.ഉ. (അച്ചടി) 77/2012/സാനീവ. നമ്പർ ഉത്തരവ്.
4. 27-12-2012-ലെ സ.ഉ. (അച്ചടി) 78/2012/സാനീവ. നമ്പർ ഉത്തരവ്.
5. 30-6-2017-ലെ സ.ഉ. (കൈ.) 24/2017/സാനീവ. നമ്പർ ഉത്തരവ്.
6. 21-1-2018 ലെ സ.ഉ. (സാധാ.) 26/2018/സാനീവ. നമ്പർ ഉത്തരവ്.
7. 23-3-2018-ലെ സ.ഉ. (സാധാ.) 175/2018/സാനീവ. നമ്പർ ഉത്തരവ്.
8. 6-5-2018-ലെ സ.ഉ. (സാധാ.) 262/2018/സാനീവ. നമ്പർ ഉത്തരവ്.
9. 7-10-2018-ലെ സ.ഉ. (കൈ.) 24/2018/സാനീവ. നമ്പർ ഉത്തരവ്.
10. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 27-8-2018, 25-9-2018-ലെ ഇ9-36714/17 നമ്പർ കത്ത്.
11. 25-10-2018-ലെ സ.ഉ. (സാധാ.) 606/2018/സാനീവ. നമ്പർ ഉത്തരവ്.
12. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 8-4-2019-ലെ ഇ9-228/19 നമ്പർ കത്ത്.
13. 10-1-2019-ന് വിവിധ സർവ്വീസ് സംഘടനകളുമായി ബഹു. ആരോഗ്യ കുടുംബക്ഷേമവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
14. 8-5-2019-ന് സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
15. 25-7-2019-ന് ബഹു. ആരോഗ്യ കുടുംബക്ഷേമവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

# ഉത്തരവ്

പതിനാലാം കേരള നിയമസഭയുടെ പ്രഥമ സമ്മേളനത്തിലെ ബഹു. കേരള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സ്ത്രീകളുടേയും കുട്ടികളുടേയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിരുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിനും സുരക്ഷയ്ക്കും, അവർ നേരിടുന്ന പ്രശ്നങ്ങളിൽ സർക്കാരിന്റെ സവിശേഷ ശ്രദ്ധ പതിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ. വി. എൻ. ജിതേന്ദ്രൻ (റിട്ട. ഐ.എ.എസ്.)-ന്റെ പഠന റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നിലവിലെ സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചും, അതിലേക്കായി പുതിയ തസ്തികകൾ സൃഷ്ടിച്ചും പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമന പ്രവർത്തനങ്ങൾക്കായും അവരുടെ സുരക്ഷയെ മുൻനിർത്തി, സമൂഹത്തിൽ അവബോധം സൃഷ്ടിച്ച്, അവകാശങ്ങൾ സംരക്ഷിച്ച്, ഒരു വനിതാ ശിശു സൗഹൃദ സമൂഹം സൃഷ്ടിക്കുന്നതിനാണ് വനിതാ ശിശു വികസന വകുപ്പിന്റെ രൂപീകരണം വഴി സർക്കാർ ലക്ഷ്യമിടുന്നത്.

2. സാമൂഹ്യനീതി/വനിതാ ശിശു വികസന വകുപ്പുകൾ കൈകാര്യം ചെയ്യുന്ന വിഷയം/ആസ്തി എന്നിവയുടെ വിഭജനം ഉൾപ്പെടെയുള്ള നടപടികൾ പരാമർശം (6) പ്രകാരം പൂർത്തിയാക്കിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിൽ നിലവിലുണ്ടായിരുന്ന തസ്തികകളും വനിതാ ശിശു വികസന വകുപ്പ് രൂപീകരണത്തിന്റെ ഭാഗമായി സൃഷ്ടിച്ച തസ്തികകളും ചേർത്ത് ഇരുവകുപ്പുകളുടേയും കേഡർ സ്ട്രെങ്ങ്ത് നിശ്ചയിച്ച് പരാമർശം (9) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിലെ തസ്തികകളിൽ 535 എണ്ണം സാമൂഹ്യനീതി വകുപ്പിലും അവശേഷിച്ച 3260-ഉം പുതുതായി സൃഷ്ടിച്ച 24-ഉം ചേർത്ത് 3284 എണ്ണം വനിതാ ശിശു വികസന വകുപ്പിലുമായി കേഡർ സ്ട്രെങ്ങ്ത് നിശ്ചയിച്ചിട്ടുണ്ട്. വനിതാ വികസനം, വനിതാ സംരക്ഷണം, ശിശു സംരക്ഷണം എന്നീ മേഖലകളിലെ വിവിധ പദ്ധതികൾ കൃത്യമായി ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനായി ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ 14 തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകളിൽ നിയമന നടപടികൾ പൂർത്തിയാകാത്തത് വനിതാ ശിശു വികസന വകുപ്പിന്റെ താഴെത്തട്ടിലുള്ള പ്രവർത്തനത്തെയും ഫണ്ട് വിതരണത്തെയും സാരമായി ബാധിക്കുന്നതായി പരാമർശം (10) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (11) പ്രകാരം ജില്ലാ വനിതാ ശിശു വികസന ആഫീസർ തസ്തികയിലേക്ക് സാമൂഹ്യനീതി വകുപ്പിലെ 10 ജില്ലാ ആഫീസർമാർക്ക് താൽക്കാലിക നിയമനവും 4 പ്രോഗ്രാം ഓഫീസർമാർക്ക് അധിക ചുമതലയും നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ ഇത്തരമൊരു താൽക്കാലിക സംവിധാനത്തിലൂടെ ഇരു വകുപ്പുകളുടെ സുഗമമായ

പ്രവർത്തനം ഉറപ്പാക്കാനാവില്ലെന്നും ജില്ലാ ഓഫീസർ തസ്തികയിലേക്ക് നിയമനം നൽകി, ജീവനക്കാരുടെ മുടങ്ങിക്കിടക്കുന്ന സ്ഥാനക്കയറ്റ നടപടി പൂർത്തിയാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് വിവിധ തലങ്ങളിൽ നിന്ന് ആവശ്യമുയർന്നിട്ടുണ്ട്.

3. സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടങ്ങളിലെ കാറ്റഗറി 5-ൽ പരാമർശിച്ചിട്ടുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുന്ന പ്രോഗ്രാം ഓഫീസർ/വനിതാ പ്രൊട്ടക്ഷൻ ഓഫീസർ എന്നീ തസ്തികകൾ വനിതാ ശിശു വികസന വകുപ്പിന്റെ പരിധിയിൽ വരുന്നതിനാൽ ഇരു വകുപ്പിലും ജില്ലാ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിന് പുതിയ ചട്ടങ്ങൾ രൂപീകരിക്കേണ്ടതാണ്. സാമൂഹ്യനീതി വകുപ്പിലെ നിലവിലെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്ത് പുതിയ ചട്ടരൂപീകരണത്തിനായി പരാമർശം (7) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇരു വകുപ്പുകളിലും പൊതുവായുള്ള തസ്തികകളിലെ ജീവനക്കാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ താൽപ്പര്യമുള്ള വകുപ്പ് തിരഞ്ഞെടുക്കുന്നതിനായി ഓപ്ഷൻ അനുവദിക്കേണ്ടതാണ്. ഇതോടൊപ്പം ജീവനക്കാരുടെ പുനർവിന്യാസത്തിനായി നിലവിലെ തസ്തികകൾ ഇരുവകുപ്പുകളിലായി മാറ്റി ക്രമീകരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തേണ്ടതുണ്ട്. പ്രസ്തുത സ്പെഷ്യൽ റൂൾ ഭേദഗതിക്ക് കാലവിളംബം വരുമെന്നതിനാൽ വനിതാ ശിശു വികസന വകുപ്പ് രൂപീകരണം കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യങ്ങൾ സമീപഭാവിയിൽ കൈവരിക്കുന്നതിന് വിഘാതം നേരിടുമെന്ന് അഭിപ്രായമുയർന്നിട്ടുണ്ട്. ആയതിനാൽ നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുള്ള നടപടി പൂർത്തിയാകുന്നതുവരെ ഇരുവകുപ്പിലേയും വിവിധ തസ്തികകളിലെ ജീവനക്കാരുടെ നിയമനം/സ്ഥാനക്കയറ്റം എന്നിവയുൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

4. സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുന്ന പ്രോഗ്രാം ഓഫീസർ/വനിതാ പ്രൊട്ടക്ഷൻ ഓഫീസർ എന്നീ തസ്തികകൾ വനിതാ ശിശു വികസന വകുപ്പിന്റെ പരിധിയിൽ വരുന്നതിനാൽ ഇരു വകുപ്പിലും ജില്ലാ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിന് എക്സിക്യൂട്ടീവ് ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം (12) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പുനർവിന്യാസം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി 10-1-2019-ന് സർക്കാർ തലത്തിൽ ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിൽ വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ ഇരുവകുപ്പിലെ വിവിധ തസ്തികകളിലുള്ള ജീവനക്കാരുടെ

നിയമനം/സ്ഥാനക്കയറ്റം എന്നിവയുൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (13) പ്രകാരം തീരുമാനിച്ചിട്ടുമുണ്ട്. അതനുസരിച്ച് എക്സിക്യൂട്ടീവ് ഉത്തരവിലെ വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനായി ഇരു വകുപ്പിലെ ഡയറക്ടർമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം 8-5-2019-ന് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഇത് സംബന്ധിച്ച തീരുമാനങ്ങൾ പരാമർശം (14) പ്രകാരം കൈക്കൊള്ളുകയുമുണ്ടായി.

5. വനിതാ ശിശു/സാമൂഹ്യനീതി വകുപ്പിലെ ജീവനക്കാരുടെ മുടങ്ങിക്കിടക്കുന്ന സ്ഥാനക്കയറ്റം, എക്സിക്യൂട്ടീവ് ഉത്തരവ് തുടങ്ങിയ വിഷയങ്ങളിൽ ബഹു. ആരോഗ്യ കുടുംബക്ഷേമവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25-7-2019-ന് ഉച്ചയ്ക്കുശേഷം 2.30-ന് ഇരുവകുപ്പിലേയും ഡയറക്ടർമാരുടേയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ച് ചേർക്കുകയും പ്രസ്തുത യോഗത്തിൽ ചുവടെ ചേർക്കുന്ന രീതിയിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു:

*"വകുപ്പ് വിഭജനവുമായി ബന്ധപ്പെട്ട് ഇരു വകുപ്പിലേയും ജീവനക്കാരെ പുനർവിന്യസിക്കുന്നതിനായി എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിരുന്നു. വകുപ്പിലെ ജീവനക്കാരുടെ പുനർവിന്യാസത്തോടൊപ്പം വകുപ്പുകളുടെ ദീർഘകാല പ്രവർത്തന ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന മാർഗ്ഗനിർദ്ദേശകരേഖയുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അതിനായി ജീവനക്കാരുടെ പുനർവിന്യാസം, ഓപ്ഷൻ, മറ്റ് വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളുന്ന കരട് ഉത്തരവ് തയ്യാറാക്കി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന് വിധേയമായി എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. അതിനുശേഷം വനിതാ ശിശു വികസന വകുപ്പിന്റെ സേവനങ്ങളെയും പ്രവർത്തനങ്ങളെയും കാര്യക്ഷമമാക്കി മാറ്റുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മൂന്ന് വിഭാഗങ്ങളായി (വനിതാ ശിശു വികസനം, ശിശു സംരക്ഷണം, വനിതാ സംരക്ഷണം എന്നിങ്ങനെ) വിഭജിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്."*

6. സർക്കാർ ഈ വിഷയം പരിശോധിച്ചു. വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായുള്ള ചർച്ചയിലെ പരാമർശം (13) പ്രകാരമുള്ള തീരുമാനത്തിന്റെയും, വകുപ്പ് ഡയറക്ടർമാരുടെ ശുപാർശയുടെയും ബഹു. ആരോഗ്യ കുടുംബക്ഷേമവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പരാമർശം (15) പ്രകാരമുള്ള യോഗതീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ സാമൂഹ്യനീതി/വനിതാ ശിശു വികസന വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് വിശേഷാൽ ചട്ടങ്ങൾ

രൂപീകരിക്കുന്നതുവരെ ഇരു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസത്തിനായി, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു:

**വ്യവസ്ഥകൾ**

(A) ടി ഉത്തരവ് പ്രാബല്യത്തിൽ വരുന്നതുമുതൽ ഇരുവകുപ്പുകളുടേയും ജീവനക്കാര്യം ചുവടെ ചേർക്കുന്ന രീതിയിൽ രണ്ട് പ്രത്യേക എസ്റ്റാബ്ലിഷ്മെന്റ് വിഭാഗങ്ങളുടെ കീഴിലായിരിക്കും:

(i) സാമൂഹ്യനീതി ഡയറക്ടറും, ടി വകുപ്പിന് കീഴിൽവരുന്ന മറ്റ് ജീവനക്കാരും, വിവിധ ഓഫീസുകൾ, ഹോമുകൾ, സ്ഥാപനങ്ങൾ, വാഹനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാവര ജംഗമ വസ്തുക്കളും സാമൂഹ്യനീതി വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതായിരിക്കും.

(ii) വനിതാ ശിശു വികസന ഡയറക്ടറും, ടി വകുപ്പിന് കീഴിൽവരുന്ന മറ്റ് ജീവനക്കാരും, വിവിധ ഓഫീസുകൾ, ഹോമുകൾ, സ്ഥാപനങ്ങൾ, വാഹനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാവര ജംഗമ വസ്തുക്കളും വനിതാ ശിശു വികസന വകുപ്പിന്റെ അധികാരപരിധിയിൽ വരുന്നതായിരിക്കും.

(B) വനിതാ ശിശു വികസന/സാമൂഹ്യനീതി വകുപ്പുകളുടെ നിലവിലെ കേഡർ സ്ട്രെങ്ത് ചുവടെ ചേർക്കുന്നു:

| *വകുപ്പ്* | *നിലവിലെ തസ്തിക* | *പുതുതായി സൃഷ്ടിച്ചത്* | *ആകെ* |
|---|---|---|---|
| സാമൂഹ്യനീതി വകുപ്പ് | 535 | .. | 535 |
| വനിതാ ശിശു വികസന വകുപ്പ് | 3260 | 24 | 3284 |

അംഗീകരിക്കപ്പെട്ട കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിലെ തസ്തികകൾ അനുബന്ധം III ആയും, വനിതാ ശിശു വികസന വകുപ്പിലെ തസ്തികകൾ അനുബന്ധം IV ആയും ചേർത്തിട്ടുണ്ട്.

(C) അംഗീകരിക്കപ്പെട്ട കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിൽ ഉൾപ്പെടുന്ന അനുബന്ധം III-ലെ തസ്തികകളുടെ നിയമനം/പെൻഷൻ സാങ്ഷനിംഗ് സംബന്ധിച്ച വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടേയും വനിതാ ശിശു വികസന വകുപ്പിൽ ഉൾപ്പെടുന്ന അനുബന്ധം IV-ലെ തസ്തികകളുടെ നിയമനം/പെൻഷൻ സാങ്ഷനിംഗ് സംബന്ധിച്ച വിഷയങ്ങൾ വനിതാ ശിശുവികസന വകുപ്പ് ഡയറക്ടറുടെ ചുമതലയിലുമായിരിക്കും.

(D) നിലവിലെ വിശേഷാൽ ചട്ടങ്ങൾ പ്രകാരം ജില്ലാ സാമൂഹ്യനീതി ആഫീസർ തസ്തികയിലേക്കുള്ള നിയമനം വിവിധ ഫീഡർ കാറ്റഗറികളായ, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I, പ്രോഗ്രാം ആഫീസർ , സൂപ്രണ്ട് ഗ്രേഡ് - 1 /സീനിയർ സൂപ്രണ്ട്, വനിതാ പ്രൊട്ടക്ഷൻ ആഫീസർ തസ്തികകളിൽ നിന്ന് 1:9:3:1 അനുപാതത്തിൽ ഉദ്യോഗക്കയറ്റം വഴിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ജില്ലാ സാമൂഹ്യനീതി ആഫീസർ എന്ന കാറ്റഗറിയിലെ പൊതു സീനിയോറിറ്റിയെ അടിസ്ഥാനമാക്കിയാണ് ടി തസ്തികയിൽ നിന്നുള്ള തുടർ സ്ഥാനക്കയറ്റം നടത്തിവരുന്നത്.

(a) സാമൂഹ്യനീതി വകുപ്പിലെ ജില്ലാ ആഫീസർ തസ്തികയിലേക്കുള്ള നിയമനം/ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

(i) **ജില്ലാ സാമൂഹ്യനീതി ആഫീസർ (40500 – 85000)**

| *ക്രമനമ്പർ* | *ഫീഡർ തസ്തിക* | *നിയമന രീതി* | *അനുപാതം* |
|---|---|---|---|
| 1 | പ്രൊബേഷൻ ആഫീസർ ഗ്രേഡ് 1 | സ്ഥാനക്കയറ്റം | 7 |
| 2 | സീനിയർ സൂപ്രണ്ട് | തസ്തികമാറ്റം | 4 |
| 3 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 | സ്ഥാനക്കയറ്റം | 3 |

(ii) ടി ഉത്തരവ് തീയതി മുതൽ ജില്ലാ സാമൂഹ്യനീതി ആഫീസർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ മേൽ സൂചിപ്പിച്ചിട്ടുള്ള **7:4:3** അനുപാതത്തിലാണ് സ്ഥാനക്കയറ്റം/നിയമനം നടത്തുന്നത്. ഏതെങ്കിലും ഫീഡർ തസ്തികയിൽ അർഹരായ ഉദ്യോഗസ്ഥർ ഇല്ലാത്തപക്ഷം മറ്റു ഫീഡർ കാറ്റഗറിയിൽ നിന്നുള്ള സീനിയറായ ഉദ്യോഗസ്ഥന് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതാണ്. വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതുവരെ പ്രസ്തുത തസ്തികയിലെ സീനിയോറിറ്റി/നിയമന വ്യവസ്ഥകൾ സംബന്ധിച്ചുള്ള വിഷയങ്ങൾ നിലവിലെ ചട്ടങ്ങൾ/ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തീർപ്പാക്കുന്നതാണ്.

(iii) ജില്ലാ ആഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ഫീഡർ തസ്തികയിൽ അർഹരായ ഉദ്യോഗസ്ഥർ ഇല്ലാത്തപക്ഷം നിലവിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നേരിട്ട് നിയമനം നടത്തുന്നതാണ്.

(b) വനിതാ ശിശു വികസന വകുപ്പിലെ ജില്ലാ ആഫീസർ തസ്തികയിലെ നിയമനത്തിന്റെ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

(i) ജില്ലാ വനിതാ ശിശുവികസന ആഫീസർ **(40500 – 85000)**

| *ക്രമനമ്പർ* | *ഫീഡർ തസ്തിക* | *നിയമന രീതി* | *അനുപാതം* |
|---|---|---|---|
| 1 | പ്രോഗ്രാം ആഫീസർ | സ്ഥാനക്കയറ്റം | 10 |
| 2 | സീനിയർ സൂപ്രണ്ട് | തസ്തികമാറ്റം | 2 |
| 3 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 | സ്ഥാനക്കയറ്റം | 1 |
| 4 | വനിതാ പ്രൊട്ടക്ഷൻ ആഫീസർ | സ്ഥാനക്കയറ്റം | 1 |

(ii) ടി ഉത്തരവ് തീയതി മുതൽ ജില്ലാ വനിതാ ശിശു വികസന ആഫീസർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിൽ മേൽ സൂചിപ്പിച്ചിട്ടുള്ള **10:2:1:1** അനുപാതത്തിലാണ് സ്ഥാനക്കയറ്റം/നിയമനം നടത്തുന്നത്. ഏതെങ്കിലും ഫീഡർ തസ്തികയിൽ അർഹരായ ഉദ്യോഗസ്ഥർ ഇല്ലാത്തപക്ഷം മറ്റ ഫീഡർ കാറ്റഗറിയിൽ നിന്നുള്ള സീനിയറായ ഉദ്യോഗസ്ഥന് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതാണ്. വകുപ്പിന്റെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതുവരെ പ്രസ്തുത തസ്തികയിലെ സീനിയോറിറ്റി/നിയമന വ്യവസ്ഥകൾ സംബന്ധിച്ചുള്ള വിഷയങ്ങൾ നിലവിലെ ചട്ടങ്ങൾ/ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തീർപ്പാക്കുന്നതാണ്.

(iii) ജില്ലാ ആഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ഫീഡർ തസ്തികയിൽ അർഹരായ ഉദ്യോഗസ്ഥർ ഇല്ലാത്തപക്ഷം നിലവിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നേരിട്ട് നിയമനം നടത്തുന്നതാണ്.

(E) (i) വനിതാ ശിശു വികസന വകുപ്പിലും സാമൂഹ്യനീതി വകുപ്പിലും, തനത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള അനുബന്ധം VI-ൽ പരാമർശിച്ചിട്ടുള്ള തസ്തികകളിലെ ജീവനക്കാരെ, അതത് വകുപ്പുകളിൽ തുടരുവാൻ അനുവദിക്കുന്നു.

(ii) വനിതാ ശിശുവികസന വകുപ്പിന്റെ ഭാഗമായ ബാലനീതിസ്ഥാപനങ്ങളിലെ പ്രൊബേഷൻ ഓഫീസർ (JJ) ഗ്രേഡ് I & II തസ്തികകൾ താൽക്കാലികമായി സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I, II തസ്തികകളുടെ എക്സ്-കേഡർ തസ്തികയാക്കി നിശ്ചയിക്കുന്നു.

(iii) നിലവിൽ സ്ത്രീധന നിരോധിത ഓഫീസർമാരുടെ ചുമതല വഹിക്കുന്ന 3 സൂപ്രണ്ട് ഗ്രേഡ് 1 തസ്തികകൾ മൂന്ന് മേഖലകളിൽ മാത്രമാണ് ഉള്ളത്. ആവശ്യമായ സപ്പോർട്ടിംഗ് സ്റ്റാഫ് ഇല്ലാതെ പ്രവർത്തിക്കുന്ന ഈ ഓഫീസുകളുടെ പ്രവർത്തനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കേണ്ടതുണ്ട്. നിലവിൽ സ്ത്രീധന നിരോധിത ഓഫീസർമാരുടെ ചുമതല വഹിക്കുന്ന 3 സൂപ്രണ്ട് ഗ്രേഡ് 1 തസ്തികകൾ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റിലേക്ക് വിന്യസിച്ചും, ടി തസ്തികയുടെ ചുമതല സംസ്ഥാനത്തെ 14 ജില്ലകളിലുള്ള വനിതാ പ്രൊട്ടക്ഷൻ ആഫീസർമാർക്കും, ശിശു വികസന പദ്ധതി ഓഫീസർമാർക്കും നൽകി ഉത്തരവാകുന്നതാണ്.

(iv) അനുബന്ധം VI-ൽ പരാമർശിച്ചിട്ടുള്ള, ഇരു വകുപ്പിലും തനത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള തസ്തികകളിലെ ജീവനക്കാർ, ജില്ലാ ഓഫീസർമാരൊഴികെയുള്ള ജീവനക്കാർ എന്നിവരുടെ നിയമനം/സ്ഥാനക്കയറ്റം തുടങ്ങിയ വിഷയങ്ങൾ സ്പെഷ്യൽ റൂൾ ഭേദഗതി നിലവിൽ വരുന്നതുവരെ നിലവിലെ വിശേഷാൽ ചട്ടങ്ങൾ/നിയമങ്ങൾ/ ഉത്തരവുകൾ ഇവയുടെ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുന്നതാണ്.

(v) അനുബന്ധം V-ലെ ഏതാനും തസ്തികകളുടെ ഫീഡർ കാറ്റഗറി ഇരു വകുപ്പുകളിലായി വിന്യസിക്കപ്പെട്ടിട്ടുണ്ട്, പ്രസ്തുത തസ്തികകളിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകൾ വകുപ്പ് ഡയറക്ടർമാരുടെ ശുപാർശ പരിഗണിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. (ഉദാ. ഇരു വകുപ്പിലുമുള്ള സൂപ്രണ്ട് ഗ്രേഡ് 1/2/3/ക്ഷേമസ്ഥാപന സൂപ്രണ്ട് 1/2/3 തസ്തികകളുടെ ഫീഡർ കാറ്റഗറി ഇരു വകുപ്പിലും പൊതുവായുള്ള തസ്തികകളാണ്).

(vi) അനുബന്ധം VI-ലെ ഏതാനും തസ്തികകളുടെ ഫീഡർ കാറ്റഗറി ഇരു വകുപ്പുകളിലുമായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത തസ്തികകളിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകളിൽ വകുപ്പ് ഡയറക്ടർ മാരുടെ ശുപാർശ പരിഗണിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. (ഉദാ. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 2, സ്റ്റോർകീപ്പർ, സൂപ്പർവൈസർ (VTC), സോഷ്യൽ സയന്റിസ്റ്റ്, സോഷ്യോളജിസ്റ്റ്, ഐ.സി.ഡി.എസ് സൂപ്പർ വൈസർ, മേട്രൻ ഗ്രേഡ്-II, എന്നീ തസ്തികകളുടെ ഫീഡർ കാറ്റഗറി ഇരു വകുപ്പിലും നിശ്ചയിക്കപ്പെട്ടിട്ടുള്ള പൊതു തസ്തികകളാണ്).

(vii) അനുബന്ധം VI-ലെ ഏതാനും തസ്തികകൾ ഒരു വകുപ്പിലും ടി തസ്തികകളുടെ ഫീഡർ കാറ്റഗറി രണ്ടാമത്തെ വകുപ്പിലുമായി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത തസ്തികയിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥകളിൽ വകുപ്പ ഡയറക്ടർമാരുടെ ശുപാർശ പരിഗണിച്ച് പിന്നീട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. [ഉദാ. കെയർടേക്കർ (മെയിൽ ആന്റ് ഫീമെയിൽ), ടെയിലറിംഗ് ഇൻസ്ട്രക്ടർ, മേട്രൻ ഗ്രേഡ് എന്നീ തസ്തികകൾ].

7. പുനർ വിന്യാസവുമായി ബന്ധപ്പെട്ട് ഇരുവകുപ്പിലേയും ഓപ്ഷൻ നൽകേണ്ട പൊതു തസ്തികകളിലെ ജീവനക്കാർ, മേലധികാരി മുഖാന്തിരം അതത് വകുപ്പ് ഡയറക്ടർമാർക്ക് ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്. ടി ഓപ്ഷനുകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ ചുവടെ പറയുന്നവർ അംഗങ്ങളായി സ്പെഷ്യൽ സെൽ രൂപീകരിക്കുന്നു:

| *ക്രമനമ്പർ* | *തസ്തിക* | *പദവി* |
|---|---|---|
| 1 | സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ | കൺവീനർ |
| 2 | വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ | അംഗം |
| 3 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ് | അംഗം |
| 4 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വനിതാ ശിശു വികസന വകുപ്പ് | അംഗം |
| 5 | ലോ ആഫീസർ, സാമൂഹ്യനീതി വകുപ്പ് | അംഗം |
| 6 | ലോ ആഫീസർ, വനിതാ ശിശു വികസന വകുപ്പ് | അംഗം |
| 7 | സീനിയർ സൂപ്രണ്ട്, എസ്റ്റാബ്ലിഷ് മെന്റ് (വനിതാ ശിശു വികസന വകുപ്പ്) | അംഗം |
| 8 | സീനിയർ സൂപ്രണ്ട് – എസ്റ്റാബ്ലിഷ് മെന്റ് (സാമൂഹ്യനീതി വകുപ്പ്) | അംഗം |
| 9 | ഇരുവകുപ്പുകളിൽ നിന്നുള്ള രണ്ട് സീനിയർ ക്ലർക്കുമാർ | അംഗം |

8. അർഹരായ ജീവനക്കാർ അനുബന്ധം II പ്രകാരമുള്ള അപേക്ഷ മേലധികാരിയുടെ ശുപാർശയോടെ ഉത്തരവ് തീയതി മുതൽ 30 ദിവസത്തിനകം സ്പെഷ്യൽ സെൽ കൺവീനർക്ക് സമർപ്പിക്കേണ്ടതാണ്.

9. സ്പെഷ്യൽ സെല്ലിൽ ഓപ്ഷനുകൾ സ്വീകരിച്ച് 30 ദിവസത്തിനകം അന്തിമ ലിസ്റ്റ് തയാറാക്കേണ്ടതും, അതത് വകുപ്പുകളിലെ ജീവനക്കാരുടെ പുനർ വിന്യാസം സംബന്ധിച്ച നടപടിക്രമം ഡയറക്ടർമാർ പുറപ്പെടുവിക്കേണ്ടതുമാണ് .

10. ഓപ്ഷൻ സ്വീകരിച്ച് പുനഃസംഘടനാ നടപടികൾ പൂർത്തിയാക്കിയശേഷം ഉണ്ടാകുന്ന ഒഴിവുകൾ അതത് വകുപ്പ ഡയറക്ടർമാർ പി.എസ്.സിക്ക റിപ്പോർട്ട് ചെയ്യേണ്ടതാണ്.

11. വകുപ്പ് പുനർവിന്യാസത്തിനുശേഷം, കാലങ്ങളായി നികത്തപ്പെടാത്തതും വകുപ്പിന്റെ പ്രവർത്തന പുരോഗതിക്ക് കാതലായ സംഭാവന നൽകാനിടയില്ലാത്തതുമായ തസ്തികകളെ കണ്ടെത്തി ഒഴിവ് വരുന്ന മുറയ്ക്ക് സറണ്ടർ ചെയ്യുന്നതിനും പകരം സബ് ഓഫീസുകൾക്കാവശ്യമായ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശുപാർശകൾ ഇരു വകുപ്പ് ഡയറക്ടർമാരും സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

12. സാമൂഹ്യനീതി വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഓഫീസ് സംവിധാനവും പുതിയ തസ്തികകളും സൃഷ്ടിക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ശുപാർശ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

13. ഓപ്ഷൻ നടപടികൾ പൂർത്തിയാക്കി വനിതാ ശിശു വികസന വകുപ്പിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് സാമൂഹ്യനീതി വകുപ്പിൽ ആർജ്ജിച്ചിട്ടുള്ള ലാവണത്തിന് (ലീൻ) 1958-ലെ KS&SSR ചട്ടങ്ങൾ പ്രകാരം അർഹത ഉണ്ടായിരിക്കുന്നതല്ല.

14. വകുപ്പ പുനർവിന്യാസത്തിനുശേഷം വനിതാ ശിശു വികസന വകുപ്പിൽ നിയമിതരാകുന്ന പ്രൊബേഷണർമാരായ ജീവനക്കാരുടെ, സാമൂഹ്യ നീതി വകുപ്പിലെ അർഹതപ്പെട്ട സേവനകാലയളവ് കൂടി പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് പരിഗണിക്കുന്നതാണ്.

15. വനിതാ ശിശു വികസന വകുപ്പിൽ നിയമിതരാകുന്ന, നിലവിൽ അച്ചടക്ക നടപടിക്ക് വിധേയരായ ജീവനക്കാർക്ക് എതിരെയുള്ള നടപടി വനിതാ ശിശു വികസനവകുപ്പ് ഡയറക്ടർ പൂർത്തീകരിക്കേണ്ടതാണ്. ഇതിലേക്കായി ആവശ്യമെങ്കിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ അഭിപ്രായം തേടാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ബിജു പ്രഭാകർ,**

*സ്പെഷ്യൽ സെക്രട്ടറി.*

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരളം, തിരുവനന്തപുരം.

എല്ലാ ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്കും.

എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്കും.

ധനകാര്യ വകുപ്പ്.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.

നിയമസഭാ സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം).

സാമൂഹ്യനീതി വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

<u>പകർപ്പ്:</u>— ബഹു. ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ പി.എസ്.-ന്.
സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.
സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്.
സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.

അനുബന്ധം I

## വകുപ്പ് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പുനർവിന്യാസത്തിനായി ഓപ്ഷൻ സമർപ്പിക്കുന്ന വ്യവസ്ഥകൾ

1. അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ എന്നീ ഉയർന്ന തസ്തികയിലുള്ള ജീവനക്കാർക്ക് ഓപ്ഷൻ വ്യവസ്ഥകൾക്ക് അനുസൃതമായി ഓപ്ഷൻ സൗകര്യം അനുവദിക്കുന്നു.
2. നിലവിലെ ജില്ലാ ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ പ്രോഗ്രാം ആഫീസർ, വനിതാ പ്രൊട്ടക്ഷൻ ആഫീസർ തസ്തികയിൽ നിന്നുള്ളവരെ വനിതാ ശിശു വികസന വകുപ്പിലും, പ്രൊബേഷൻ ഓഫീസർ തസ്തികയിൽ നിന്നുള്ളവരെ സാമൂഹ്യനീതി വകുപ്പിലും തുടരാൻ അനുവദിക്കുന്നു.
3. ജില്ലാ ആഫീസർ തസ്തികയിലെ മറ്റൊരു ഫീഡർ കാറ്റഗറിയായ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I/സീനിയർ സൂപ്രണ്ട് തസ്തിക ഇരുവകുപ്പിലും ഉള്ളതിനാൽ നിലവിൽ ഈ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ഏത് വകുപ്പിൽ തുടരുവാൻ ആഗ്രഹിക്കുന്നു എന്നത് അടിസ്ഥാനമാക്കി ഓപ്ഷൻ സൗകര്യം അനുവദിക്കുന്നു.
4. സാമൂഹ്യനീതി വകുപ്പിലേയും, വനിതാ ശിശു വികസന വകുപ്പിലേയും തസ്തികകളുടെ കേഡർ സ്ട്രെങ്ത് നിശ്ചയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അനുബന്ധം V-ൽ ചേർത്തിട്ടുള്ള വിവിധ വിഭാഗങ്ങളിൽപെട്ട ജീവനക്കാർക്ക് അവർ ഏത് വകുപ്പിൽ തുടരുവാൻ ആഗ്രഹിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്.
5. (a) അനുബന്ധം V-ൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും വകുപ്പിലെ തസ്തികയിൽ ആവശ്യത്തിലേറെ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ സീനിയറായ ജീവനക്കാർക്ക് മുൻഗണന നൽകുന്നതാണ്.

   (b) ഒരു വകുപ്പിലെ തസ്തികയിൽ മതിയായ ജീവനക്കാർ ഓപ്ഷൻ നൽകാതിരുന്നാൽ ടി തസ്തികയിലേക്ക് രണ്ടാമത്തെ വകുപ്പിലെ ജൂനിയറായ ജീവനക്കാരെ നിയമിക്കുന്നതാണ്.

   (c) ഓപ്ഷൻ പരിഗണിച്ചതിനുശേഷം ഉണ്ടാകുന്ന ഒഴിവുകൾ അതത് വകുപ്പ് ഡയറക്ടർമാർ പി.എസ്.സി.-ക്ക് 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
6. ഓപ്ഷൻ സൗകര്യമുപയോഗിച്ച് ഇരുവകുപ്പിലും നിയമിതരാകുന്ന ജില്ലാ ആഫീസർ ഒഴികെയുള്ള ജീവനക്കാരുടെ നിയമനം/സ്ഥാനക്കയറ്റം എന്നിവ പുതിയ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരുന്നതുവരെ, നിലവിലെ ചട്ടങ്ങളുടെയും, നിയമങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ, അതത് വകുപ്പുകളിൽ നടത്തുന്നതാണ്.
7. ഇരു വകുപ്പുകളിലെയും നിയമനത്തിന് 1958-ലെ KS&SSR ചട്ടങ്ങളിലെ ചട്ടം 27(a)-യും ചട്ടം 27(c)-യും അടിസ്ഥാനപ്പെടുത്തിയാണ് സീനിയോറിറ്റി നിശ്ചയിക്കുന്നത്.
8. ഓപ്ഷൻ നടപടികൾ പൂർത്തിയാക്കിയ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി നിശ്ചയിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിലെ സേവനകാലം കൂടി പരിഗണിക്കുന്നതാണ്.

## അനുബന്ധം II

## ഓപ്ഷൻ ഫോം

1. പേര് :
2. തസ്തിക, മാതൃവകുപ്പ് :
3. ഔദ്യോഗിക മേൽവിലാസം :
4. ജനന തീയതി
5. യോഗ്യത
   (I) ജനറൽ :
   (II) ടെക്നിക്കൽ
   (III) വകുപ്പുതല പരീക്ഷാ യോഗ്യത :
6. സർക്കാർ സർവീസിൽ പ്രവേശിച്ച തീയതി :
7. നിയമനരീതി (പി.എസ്.സി./സമാശ്വാസ നിയമനം പാർട്ട് ടൈം/താൽക്കാലികം) :
8. ജില്ലാ തല നിയമനം/സംസ്ഥാന തല നിയമനം/ (ജില്ലാതലമെങ്കിൽ നിയമനം ലഭിച്ച ജില്ല) :
9. ശമ്പള സ്കെയിൽ, നിലവിലെ അടിസ്ഥാന ശമ്പളം :
10. നിലവിലെ തസ്തികയിലെ നിയമനം ലഭിച്ചതിന്റെ ഉത്തരവ് നമ്പർ, തീയതി :
11. നിലവിലെ തസ്തികയിൽ പ്രവേശിച്ച തീയതി (പി.എസ്.സി. നിയമനമെങ്കിൽ അഡ്വൈസ് തീയതി) :
12. നിലവിലെ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ് റാങ്ക് നമ്പർ :
13. തുടരുവാൻ ആഗ്രഹിക്കുന്ന വകുപ്പ് :
14. നിയമനം ലഭിക്കാനാഗ്രഹിക്കുന്ന ആഫീസ്/ജില്ല (I) :

   (II) :

   (III) :

മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ എന്റെ അറിവിൽ പെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഒപ്പ്

തീയതി : പേര്/ തസ്തിക

**സത്യപ്രസ്താവന**

...................................................എന്ന ഞാൻ..............................................വകുപ്പിലേക്ക് നിയമനം ലഭിക്കുന്നതിനുള്ള സമ്മതമറിയിക്കുന്നു. ഓപ്ഷൻ സ്വീകരിക്കുന്ന പക്ഷം മറ്റു വകുപ്പിലേക്ക് നിയമനം/സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി ഭാവിയിൽ യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ല എന്നും നിലവിലെ തസ്തികയിൽ ആർജ്ജിച്ച ലാവണം (ലീൻ) 1958-ലെ KS&SSR ചട്ടങ്ങൾ പ്രകാരം റദ്ദാക്കപ്പെടുന്നതിന് സമ്മതമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഒപ്പ്

തീയതി : പേര്/ തസ്തിക

മേൽ പ്രസ്താവിച്ച വിവരങ്ങൾ ആഫീസ് രേഖകളുമായി ഒത്തു നോക്കി ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഓഫീസ് മേധാവിയുടെ ഒപ്പ്

തീയതി : ഓഫീസ് മേധാവിയുടെ പേര്

ഓഫീസ് സീൽ

**തീരുമാനം**

സ്ഥലം : ഒപ്പ്

തീയതി : പേര്/തസ്തിക

ഓഫീസ് സീൽ

<u>അനുബന്ധം III</u>

സാമൂഹ്യനീതി വകുപ്പിന്റെ കേഡർ സ്ട്രങ്ത് [7-10-2018-ലെ സ.ഉ. (കൈ.) നമ്പർ 26/2018/സാനീവ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്.]

| *Sl. No.* | *Name of post* | *No. of post* |
|---|---|---|
| (1) | (2) | (3) |
| 1 | Director (IAS Cadre) | 1 |
| 2 | Additional Director | 1 |
| 3 | Joint Director | 1 |
| 4 | Assistant Director | 3 |
| 5 | District Social Justice Officer | 14 |
| 6 | Probation Officer Gr. I | 17 |
| 7 | Probation Officer Gr. II | 23 |
| 8 | Superintendent Gr. I | 21 |
| 9 | Superintendent Gr. II | 5 |
| 10 | Superintendent Gr. III | 3 |
| 11 | Matron Gr. I | 13 |
| 12 | Senior Superintendent | 18 |
| 13 | Junior Superintendent | 20 |
| 14 | Fair Copy Superintendent | 1 |
| 15 | Head Accountant/Head Clerk | 15 |
| 16 | Senior Clerk/Clerk | 63 |
| 17 | Clerk-Typist | 18 |
| 18 | Confidential Assistant | 2 |
| 19 | Typist | 20 |
| 20 | Driver | 11 |
| 21 | Office Attendant | 72 |
| 22 | Cook | 40 |

| (1) | (2) | (3) |
|---|---|---|
| 23 | *Ayah* | 34 |
| 24 | *Watchman* | 35 |
| 25 | *Watchwomen* | 11 |
| 26 | *Male Attendent* | 12 |
| 27 | *Female Attendent* | 9 |
| 28 | *Clerical Attender* | 1 |
| 29 | *Binder* | 1 |
| 30 | *Attender* | 1 |
| 31 | *Part-time Sweeper* | 30 |
| 32 | *Special Teacher* | 1 |
| 33 | *Nursery Teacher* | 1 |
| 34 | *Social Educational Assistant (Asha Bhavan, Tvm.)* | 1 |
| 35 | *Supervisor VTC* | 2 |
| 36 | *Senior Instructor* | 1 |
| 37 | *Instructor—Book Binding* | 2 |
| 38 | *Instructor—Tailoring & Embroidary* | 1 |
| 39 | *Instructor—Leather Works* | 1 |
| 40 | *Social Scientist* | 1 |
| 41 | *Part-time Tailoring Instructor* | 1 |
| 42 | *Instructor—Plastic works* | 1 |
| 43 | *Instructor—Pottery & Mat Weaving* | 1 |
| 44 | *House Master* | 1 |
| 45 | *Instructor—Printing* | 1 |
| 46 | *Finance Officer (Personnel from other Department)* | 1 |
| 47 | *Administrative Officer (Personnel from other Department)* | 1 |
| 48 | *Law Officer (Personnel from other Department)* | 1 |
| | ***Total*** | **535** |

## അനുബന്ധം IV

വനിതാ ശിശു വികസന വകുപ്പിന്റെ കേഡർ സ്ട്രെങ്ത് [7-10-2018-ലെ സ.ഉ. (കൈ.) നമ്പർ 26/2018/സാനീവ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്]

| *Sl.No.* | *Name of Post* | *Post sanctioned as per G.O.(Ms.) No.24/2017/SJD dated 30-6-2017.* | *No. of Post bifurcated from SJD* | *Total Cadre Strength* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | Director (IAS Cadre) | 1 | .. | 1 |
| 2 | Additional Director/State Project Director | .. | 1 | 1 |
| 3 | Joint Director | .. | 1 | 1 |
| 4 | Assistant Director/Regional Assistant Director | .. | 3 | 3 |
| 5 | District Women and Child Development Officer | 14 | .. | 14 |
| 6 | Programme Officer | .. | 16 | 16 |
| 7 | Child Development Project Officer | .. | 258 | 258 |
| 8 | Superintendent Welfare Institution Gr.I/RDPO | .. | 13 | 13 |
| 9 | Superintendent Welfare Institution Gr. II | .. | 12 | 12 |
| 10 | Superintendent Welfare Institution Gr. III | .. | 14 | 14 |
| 11 | Deputy Superintendent Gr.I | .. | 3 | 3 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 12 | Deputy Superintendent Grade II | .. | 4 | 4 |
| 13 | Women Protection Officer | .. | 14 | 14 |
| 14 | Assistant Child Development Officer (Vanishing) | .. | 1 | 1 |
| 15 | Supervisor ICDS | .. | 1327 | 1327 |
| 16 | P D Teacher | .. | 5 | 5 |
| 17 | Literacy Teacher | .. | 2 | 2 |
| 18 | Dance Master | .. | 1 | 1 |
| 19 | Care Taker (Male) | .. | 53 | 53 |
| 20 | Care Taker (Female) | .. | 35 | 35 |
| 21 | Matron Gr.I | .. | 14 | 14 |
| 22 | Matron Gr.II | .. | 1 | 1 |
| 23 | Electrician cum Pump Driver | .. | 1 | 1 |
| 24 | Senior Superintendent | .. | 24 | 24 |
| 25 | Junior Superintendent | .. | 75 | 75 |
| 26 | Head Accountant /Head Clerk | .. | 58 | 58 |
| 27 | Senior Clerk | .. | 264 | 264 |
| 28 | Clerk | .. | 202 | 202 |
| 29 | Clerk-Typist | .. | 62 | 62 |
| 30 | Confidential Assistant | 1 | 1 | 2 |
| 31 | Typist | .. | 117 | 117 |
| 32 | Driver | 1 | 70 | 71 |
| 33 | Office Attendant | 4 | 331 | 335 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 34 | Watchman | .. | 12 | 12 |
| 35 | Watch Women | .. | 8 | 8 |
| 36 | Clerical Attender | .. | 1 | 1 |
| 37 | Part-time Sweeper | .. | 152 | 152 |
| 38 | Ayah | .. | 8 | 8 |
| 39 | Cook | .. | 31 | 31 |
| 40 | Gardener | .. | 1 | 1 |
| 41 | Part-time Bhagavathar/ Part -time Music Teacher | .. | 2 | 2 |
| 42 | Agriculture Instructor | .. | 2 | 2 |
| 43 | Weaving Instructor | .. | 1 | 1 |
| 44 | Physical Training Instructor | .. | 3 | 3 |
| 45 | Tailoring Instructor/Needle Work Teacher | .. | 4 | 4 |
| 46 | Carpentary Instructor | .. | 2 | 2 |
| 47 | Music Teacher | .. | 1 | 1 |
| 48 | Part-time Hindi Teacher | .. | 3 | 3 |
| 49 | Child Welfare Inspector | .. | 19 | 19 |
| 50 | Craft Instructor | .. | 1 | 1 |
| 51 | Store Keeper Cum Logistic Officer | .. | 1 | 1 |
| 52 | Law Officer (Personnel from other Department) | 1 | .. | 1 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 53 | Administrative Officer (Personnel from other Department) | 1 | .. | 1 |
| 54 | Finance Officer (Personnel from other Department) | 1 | 1 | 2 |
| 55 | Junior Stastical Inspector (Personnel from other Department) | .. | 16 | 16 |
| 56 | Nutritionist | .. | 2 | 2 |
| 57 | Health Educationalist | .. | 2 | 2 |
| 58 | Pre School Educationalist | .. | 2 | 2 |
| 59 | Sociologist | .. | 2 | 2 |
| | **Total** | **24** | **3260** | **3284** |

അനുബന്ധം V

പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഇരുവകുപ്പിലേയും ഓപ്ഷൻ നൽകേണ്ട പൊതു തസ്തികകളുടെ വിശദാംശം

**(എ) ഉയർന്ന തസ്തികകളിലെ ജീവനക്കാർ**

| *ക്രമ നമ്പർ* | *തസ്തിക* | *സാമൂഹ്യനീതി വകുപ്പ്* | *വനിതാ ശിശു വികസന വകുപ്പ്* | *ആകെ* |
|---|---|---|---|---|
| 1 | അഡീഷണൽ ഡയറക്ടർ | 1 | 1 | 2 |
| 2 | ജോയിന്റ് ഡയറക്ടർ | 1 | 1 | 2 |
| 3 | അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 | 6 |

**(ബി) മിനിസ്റ്റീരിയൽ / മറ്റു തസ്തികകളിലെ ജീവനക്കാർ**

| ക്രമ നമ്പർ | തസ്തിക | സാമൂഹ്യനീതി വകുപ്പ് | വനിതാ ശിശു വികസന വകുപ്പ് | ആകെ |
|---|---|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | 18 | 24 | 42 |
| 2 | ജൂനിയർ സൂപ്രണ്ട് | 20 | 75 | 95 |
| 3 | ഹെഡ് ക്ലർക്ക്/ഹെഡ് അക്കൗണ്ടന്റ് | 15 | 58 | 73 |
| 4 | സീനിയർ ക്ലർക്ക് | 41 | 264 | 305 |
| 5 | ക്ലർക്ക് | 22 | 202 | 224 |
| 6 | ക്ലർക്ക്-ടൈപ്പിസ്റ്റ് | 18 | 62 | 80 |
| 7 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 | 2 | 4 |
| 8 | ടൈപ്പിസ്റ്റ് | 20 | 117 | 137 |
| 9 | ഡ്രൈവർ | 11 | 71 | 82 |
| 10 | ഓഫീസ് അറ്റന്റന്റ് | 72 | 335 | 407 |
| 11 | ക്ലറിക്കൽ അറ്റന്റർ | 1 | 1 | 2 |
| 12 | വാച്ച്മാൻ | 35 | 12 | 47 |
| 13 | വാച്ച് വുമൻ | 11 | 8 | 19 |
| 14 | പാർട്ട് ടൈം സ്വീപ്പർ | 30 | 152 | 182 |

**(സി) പ്രത്യേക ജീവനക്കാർ**

| ക്രമ നമ്പർ | തസ്തിക | സാമൂഹ്യനീതി വകുപ്പ് | വനിതാ ശിശു വികസന വകുപ്പ് | ആകെ |
|---|---|---|---|---|
| 1 | സൂപ്രണ്ട് ഗ്രേഡ് I/ ക്ഷേമസ്ഥാപന സൂപ്രണ്ട് I | 21 | 13 | 34 |
| 2 | സൂപ്രണ്ട് ഗ്രേഡ് II/ ക്ഷേമസ്ഥാപന സൂപ്രണ്ട് II | 5 | 12 | 17 |
| 3 | സൂപ്രണ്ട് ഗ്രേഡ് III/ ക്ഷേമ സ്ഥാപന സൂപ്രണ്ട് III | 3 | 14 | 17 |
| 4 | മേട്രൻ ഗ്രേഡ് I | 13 | 14 | 27 |
| 5 | ആയ | 34 | 8 | 42 |
| 6 | കുക്ക് | 40 | 31 | 71 |

അനുബന്ധം VI

## സാമൂഹ്യനീതി/വനിതാ ശിശു വികസന വകുപ്പുകളിലെ തനത് തസ്തികകൾ

## സാമൂഹ്യനീതി വകുപ്പിലെ തനത് തസ്തികകൾ

| *Sl. No.* | *Name of post* |
|---|---|
| 1 | Probation Officer Gr. I |
| 2 | Probation Officer Gr. II |
| 3 | Fair Copy Superintendent |
| 4 | Male Attendent |
| 5 | Female Attendent |
| 6 | Binder |
| 7 | Attender |
| 8 | Special Teacher |
| 9 | Nursery Teacher |
| 10 | Social Educational Assistant (Asha Bhavan, Tvm.) |
| 11 | Supervisor VTC |
| 12 | Senior Instructor |
| 13 | Instructor—Book Binding |
| 14 | Instructor—Tailoring & Embroidary |
| 15 | Instructor—Leather Works |
| 16 | Social Scientist |
| 17 | Part-time Tailoring Instructor |
| 18 | Instructor—Plastic Works |
| 19 | Instructor—Pottery & Mat Weaving |
| 20 | House Master |
| 21 | Instructor—Printing |
| 22 | Finance Officer (Personnel from other Department) |
| 23 | Administrative Officer (Personnel from other Department) |
| 24 | Law Officer (Personnel from other Department) |

വനിതാ ശിശു വികസന വകുപ്പിലെ തനത് തസ്തികകൾ

| Sl. No. | Name of Post |
|---|---|
| (1) | (2) |
| 1 | Programme Officer |
| 2 | Child Development Project Officer |
| 3 | Deputy Superintendent Gr. I |
| 4 | Deputy Superintendent Grade II |
| 5 | Women Protection Officer |
| 6 | Supervisor, ICDS |
| 7 | P D Teacher |
| 8 | Literacy Teacher |
| 9 | Dance Master |
| 10 | Care Taker (Male) |
| 11 | Care Taker (Female) |
| 12 | Matron Gr. II |
| 13 | Electrician cum Pump Driver |
| 14 | Gardner |
| 15 | Part-time Bhagavathar/Part-time Music Teacher |
| 16 | Agriculture Instructor |
| 17 | Weaving Instructor |
| 18 | Physical Training Instructor |

| (1) | (2) |
|---|---|
| 19 | Tailoring Instructor/Needle Work Teacher |
| 20 | Carpentary Instructor |
| 21 | Music Teacher |
| 22 | Part-time Hindi Teacher |
| 23 | Child Welfare Inspector |
| 24 | Craft Instructor |
| 25 | Store Keeper Cum Logistic Officer |
| 26 | Law Officer (Personnel from other Department) |
| 27 | Administrative Officer (Personnel from other Department) |
| 28 | Finance Officer (Personnel from other Department) |
| 29 | Junior Statistical Inspector (Personnel from other Department) |
| 30 | Nutritionist |
| 31 | Health Educationalist |
| 32 | Pre School Educationalist |
| 33 | Sociologist |